പതിമൂന്നാം കേരളനിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 2196

23-3-2012- ൽ മറുപടിക്ക്

## കായലിന്റെ നിശ്ചിത അകലത്തിനുള്ളിൽ താമസ്സിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.ശശി : | | ശ്രീ.എം.കെ.മുനീർ (ബഹു. പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി | |
| (എ) | പാർവ്വതിപുത്തനാറിന്റെ സമീപത്ത് താമസ്സിക്കുന്നവർക്ക് ദേശീയ ജലപാതയുടെ ഭാഗമായി കെട്ടിടങ്ങൾക്ക് നമ്പർ നൽകാൻ പാടില്ലായെന്ന് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ടോ ; | (എ) | തിരുവനന്തപുരം നഗരത്തിലെ അംഗീകൃത ടൗൺ പ്ലാനിംഗ് സ്കീം പ്രകാരം [ജി.ഒ.(എം.എസ്) നം. 144/07/തസ്വഭവ, തീയതി, 31/5/07] ദേശീയ ജലപാതയുടെ ഇരുവശങ്ങളിലും 10.00 മീറ്റർ അകലത്തിൽ മാത്രമേ കെട്ടിട നിർമ്മാണം അനുവദിക്കുവാൻ വ്യവസ്ഥയുള്ളൂ. കൂടാതെ 22-12-11 ലെ വർക്കല ഇൻലാന്റ് നാവിഗേഷൻ സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഡി2-337/09/WSDN നമ്പർ കത്ത് പ്രകാരം കൊല്ലം - കോവളം മേഖലയിൽ ഉള്ള ടി.എസ്. കനാൽ പുറമ്പോക്കിൽ കനാലും കരയും ചേർന്നുള്ള 26 മീറ്റർ ഉൾപ്പെടുന്ന പുറമ്പോക്കിൽ പുതിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് |

അനുമതിയോ, കെട്ടിട നമ്പരോ ഇൻലാന്റ് നാവിഗേഷൻ വകുപ്പിന്റെ അനുവാദം വാങ്ങാതെ നൽകരുതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) എങ്കിൽ ഇതുമൂലം ദുർബ്ബല ജനവിഭാഗങ്ങൾക്ക് വേണ്ടി സർക്കാർ നടപ്പാക്കിയ ഭവനനിർമ്മാണ പദ്ധതി പ്രകാരം പണി പൂർത്തിയാക്കി താമസ്സിക്കുന്നവർക്ക് റേഷൻ കാർഡ് ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സർക്കാരിന്റെ ഉത്തരവ് പ്രകാരം കായലിന്റെ നിശ്ചിത അകലത്തിനുള്ളിൽ താമസ്സിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

(സി) കൊല്ലം - കോവളം മേഖലയിൽ ഉള്ള ടി.എസ് കനാൽ പുറമ്പോക്കിൽ കനാലും കരയും ചേർന്നുള്ള 26 മീറ്റർ ഉൾപ്പെടുന്ന പുതിയ നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് ഇൻലാന്റ് നാവിഗേഷൻ വകുപ്പിന്റെ അനുമതി ആവശ്യമുള്ളത്. നിലവിലുള്ള താമസക്കാർക്ക് പ്രസ്തുത ഉത്തരവ് ബാധകമല്ല.

സെക്ഷൻ ഓഫീസർ